**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2812** **24-02-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ഇഞ്ചക്കുണ്ട് മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനകരമായ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനായി, രണ്ടാം ഘട്ടമായി നിർമ്മിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ഇഞ്ചക്കുണ്ട് മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനകരമായ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നൂറ്റിയിരുപത് ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചനം നടത്തുന്നതിന് വേണ്ടിയാണ് വിഭാവനം ചെയ്തിരുന്നത് . ഫണ്ടിന്റെ അപര്യാപ്തത മൂലം പല ഫേസുകളിലായി പദ്ധതി പൂർത്തീകരിക്കത്തക്ക രീതിയിലാണ് നടപ്പിലാക്കി വരുന്നത്. ടി പ്രവൃത്തിയുടെ ഫേസ്-1 പൂർത്തിയായിട്ടുണ്ട് .<br><br>ഉപ്പുഴി ഫേസ് 1 പ്രവൃത്തി കമ്മിഷൻ ചെയ്യുന്നതിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ടി പ്രവൃത്തിയുടെ ഭാഗമായുള്ള ആയകട്ട് (ayacut) ഉപയുക്തമാക്കുന്നതിനായി രണ്ടാംഘട്ടമായി നിർമ്മിക്കേണ്ട പ്രവൃത്തികൾക്ക് DSR 2021, GST 18%, Cost index 44.45 പ്രകാരം 165.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉപകാര്യലയത്തിൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ മോട്ടോർ സപ്ലൈ, കെ.എസ്.ഇ.ബി കണക്ഷൻ പ്രവൃത്തികളും, Overflow tank-സിസ്റ്റേണിന്റെ നിർമ്മാണവും അവശേഷിക്കുന്ന Delivery pipe Laying- ഉം ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ